©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 ഏപ്രിൽ 6<br>6th April 2021<br>1196 മീനം 23<br>23rd Meenam 1196<br>1943 ചൈത്രം 16<br>16th Chaithra 1943 | നമ്പർ<br>No. **14** |

## PART III

# Commissionerate of Land Revenue

## Idukki Taluk

പരസ്യം

നമ്പർ എ3-2046/2021. 2021 ഫെബ്രുവരി 11.

ഇടുക്കി താലൂക്കിൽ കാഞ്ചിയാർ വില്ലേജിൽ കാഞ്ചിയാർ കരയിൽ പള്ളിപ്പാലക്കാട്ട് വീട്ടിൽ ഔസേഫ് എന്നയാൾ 27-3-2018-ൽ മരണമടഞ്ഞിട്ടുള്ളതാണെന്നും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്നും കാണിച്ച് ടിയാന്റെ മകൻ ബിനു ജോസഫ് ഈ താലൂക്ക് കച്ചേരി മുമ്പാകെ അപേക്ഷ ബോധിപ്പിച്ചിട്ടുള്ളതാണ്. ടി അപേക്ഷ കാഞ്ചിയാർ വില്ലേജാഫീസർ മുഖേന അവകാശ വിചാരണ നടത്തി വന്ന റിക്കാർഡുകൾ പരിശോധിച്ചതിൽ ടി ഔസേഫ് എന്നയാൾ 27-3-2018-ൽ മരിച്ചുപോയതായും അവകാശികളായി താഴെ പറയുന്നവർ മാത്രമാണ് ഉള്ളതെന്നും അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഏലിയാമ്മ | ഭാര്യ | 73 |
| 2 | തോമസ് | മകൻ | 48 |
| 3 | മിനി | മകൾ | 46 |
| 4 | ബിനു | മകൻ | 42 |

പരേതനായ ഔസേഫ് എന്നയാളുടെ അനന്തരാവകാശികൾ മേൽ വിവരിച്ചവർ മാത്രമാണെന്ന് അറിവായ സാഹചര്യത്തിൽ അപേക്ഷ പ്രകാരം അവകാശ സർട്ടിഫിക്കറ്റ് മേൽ വിവരിച്ചവർ പേരിൽ കൊടുക്കുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം കക്ഷികൾ ആയത് ടി പരസ്യം കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം ഈ ആഫീസിൽ നേരിട്ട് ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞും തപാലിലും ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
ഇടുക്കി. തഹശീൽദാർ.

---

തിരുത്തൽ പരസ്യം

നമ്പർ എ2-7384/2020. 2021 ഫെബ്രുവരി 15.

5-1-2021-ാം തീയതിയിലെ കേരള ഗസറ്റ് നമ്പർ 1-ൽ (വാല്യം 10, പാർട്ട് III) കമ്മീഷണറേറ്റ് ഓഫ് ലാന്റ് റവന്യൂ വിഭാഗത്തിൽ പേജ് നമ്പർ 139-ൽ പ്രസിദ്ധീകരിച്ച മേൽനമ്പർ പരസ്യത്തിൽ പരേതന്റെ മകൻ കുര്യന്റെ മരണതീയതി "20-7-2019" എന്നത് "24-7-2019" എന്ന് തിരുത്തി വായിക്കേണ്ടതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
ഇടുക്കി. തഹശീൽദാർ.

## ERNAKULAM DISTRICT

**കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, 2007, [വകുപ്പ് 6(1)(b)]**

(ഹാജർ സുഹാസ്, എസ്., ഐ.എ.എസ്.)

നമ്പർ ഡി.സി.ഇ.കെ.എം./10328/2020/M7. 2021 ഫെബ്രുവരി 24.

എറണാകുളം ജില്ല, പറവൂർ വില്ലേജിൽ ചെറിയ പല്ലംതുരുത്ത് കരയിൽ, കുണ്ടുള്ളിപ്പറമ്പിൽ വീട്ടിൽ, സോമൻ മകൻ 30 വയസ്സുള്ള ശ്യാംശ്രീ എന്നയാൾ പേർക്ക്

എറണാകുളം ജില്ല, പറവൂർ വില്ലേജിൽ, ചെറിയ പല്ലംതുരുത്ത് കരയിൽ, കുണ്ടുള്ളിപ്പറമ്പിൽ വീട്ടിൽ, സോമൻ മകൻ 30 വയസ്സുള്ള ശ്യാംശ്രീ എന്ന താങ്കൾ പൊതുജനങ്ങൾക്കിടയിൽ സുരക്ഷിതത്ത്വമില്ലായ്മയും ഭയവും ഉണ്ടാക്കുന്ന രീതിയിൽ കൊലപാതകം, കൊലപാതകശ്രമം, കവർച്ച, പിടിച്ചുപറി, ആക്രമണങ്ങൾക്കായുള്ള സംഘം ചേരൽ, കഠിനദേഹോപദ്രവം, തുടങ്ങിയ ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് നിരന്തരം പൊതുജന ആരോഗ്യത്തിനും, സ്വൈര്യ ജീവിതത്തിനും സമാധാനത്തിനും തടസ്സം സൃഷ്ടിച്ച് വരുന്നതിനാലും താങ്കൾക്കെതിരെ പോലീസ് യഥാസമയം നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടും താങ്കൾ ജാമ്യത്തിൽ ഇറങ്ങി വീണ്ടും തുടർച്ചയായി കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് പൊതുജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് തടസ്സം സൃഷ്ടിച്ച് വരുന്നതിനാലും താങ്കൾക്കെതിരെ Kerala Anti Social Activities Prevention Act, 3(1) പ്രകാരം അടിയന്തിര നടപടി നടത്തപ്പെടുന്നതിന് താങ്കൾ അർഹനാണെന്ന് ജില്ലാപോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നതാണ്. അറിയപ്പെടുന്ന റൗഡി എന്ന വിഭാഗത്തിൽപ്പെടുന്ന താങ്കൾ വീണ്ടും ഉടൻതന്നെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുവാനും, ജനങ്ങളുടെ സ്വൈര്യ ജീവിതം തകർക്കാനും മറ്റും സാധ്യതയുണ്ടെന്ന് റിപ്പോർട്ടുകളും, കേസ് റെക്കോർഡുകളും പരിശോധിച്ചതിൽ നിന്നും എനിക്ക് ആത്മനിഷ്ഠമായ ബോധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ പൊതുതാൽപ്പര്യവും പ്രദേശത്തെ പൊതുജനങ്ങളുടെ സമാധാന ജീവിതവും കണക്കിലെടുത്ത് താങ്കളെ Kerala Anti Social Activities Prevention Act, 3 (1) പ്രകാരം അടിയന്തിരമായി കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ ഉത്തരവ് (ഉത്തരവ് നമ്പർ DCEKM/10328/2020-M7 dated 4-1-2021) പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ 4-1-2021-ാം തീയതി തന്നെ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിരുന്നതാണ്. കരുതൽ തടങ്കലിന് വിധിക്കപ്പെട്ട താങ്കളെ അറസ്റ്റ് ചെയ്ത് തടങ്കൽ ഉത്തരവ് നടപ്പിലാക്കുവാൻ സാധ്യമായ എല്ലാ ശ്രമങ്ങളും പോലീസ് നടത്തിയെന്നും എന്നാൽ താങ്കളെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കൽ ഉത്തരവ് നടപ്പിലാക്കുവാൻ സാധിക്കാത്തവിധം താങ്കൾ ഒളിവിൽ പോയിട്ടുള്ളതാണെന്നും, ആയതിനാൽ നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്നപേക്ഷിച്ച് ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ ഈ ഉത്തരവ് വിജ്ഞാപനം ചെയ്ത് രണ്ട് ആഴ്ചയ്ക്കകം താങ്കൾ നോർത്ത് പറവൂർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ & സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ നേരിട്ട് ഹാജരാകണമെന്ന് കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, 2007, വകുപ്പ് 6(1)(b) പ്രകാരം ഇതിനാൽ ഉത്തരവാകുന്നു.

സുഹാസ്, എസ്., ഐ. എ. എസ്.
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ,
എറണാകുളം.